പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3031 20.06.2014-ൽ മറുപടിയ്ക്ക്

'മലയാളം മിഷൻ'

ചോദ്യം

ശ്രീ. പി. എ മാധവൻ
" കെ. ശിവദാസൻ നായർ
" ലൂഡി ലൂയിസ്
" കെ. മുരളീധരൻ

മറുപടി

ശ്രീ. കെ.സി.ജോസഫ്
(ഗ്രാമവികസനവും, ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് 'മലയാളം മിഷൻ' എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്; വിശദമാക്കുമോ ; | (എ) & (ബി) | ലോകമെമ്പാടുമുള്ള പ്രവാസി മലയാളി കുട്ടികൾക്ക് മലയാള ഭാഷ പരിചയപ്പെടുത്തുന്നതിനും മലയാളം സംസ്കാരം ശക്തിപ്പെടുത്തുന്നതിനുമായി കേരള സർക്കാരിന്റെ സംസ്കാരിക കാര്യ വകുപ്പിനുകീഴിൽ ആവിഷ്കരിച്ച നൂതന പദ്ധതിയാണ് മലയാളം മിഷൻ. മലയാളം മിഷന്റെ ഓഫീസ് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു. ഇന്ത്യക്കകത്തും വിദേശത്തും പഠനകേന്ദ്രങ്ങൾ ആരംഭിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. അധ്യാപകർക്കുള്ള പരിശീലനങ്ങളും, പഠനസാമഗ്രികളും, പഠന പ്രവർത്തനങ്ങൾക്കു വേണ്ട സഹായങ്ങളും മലയാളം മിഷൻ നൽകി വരുന്നു. മലയാളം മിഷൻ പഠനകേന്ദ്രങ്ങളിലൂടെ പ്രവാസി മലയാളി കുട്ടികൾക്ക് മലയാളം മിഷന്റെ കോഴ്സ് പൂർത്തിയാകുന്ന മുറക്ക് പരീക്ഷകൾ നടത്തുകയും മൂല്യനിർണ്ണയം നടത്തി വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. പ്രവാസി മലയാളി സംഘടനകളുമായി സഹകരിച്ച് മലയാളം മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിന്റെ പ്രവർത്തനങ്ങളും ഭാഷാ പഠനത്തിന്റെ മാർഗ്ഗരേഖ ഉൾപ്പെടെയുള്ള കാര്യങ്ങളും ക്രോഡീകരിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | | |

| | | | |
|---|---|---|---|
| (സി) | ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഒരു വിദഗ്ധസമിതിയെ നിയോഗിക്കുമോ; എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് സമിതിയുടെ പഠന വിഷയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (സി) & (ഡി) | മലയാളം മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിക്കുന്നതിനും പഠനകേന്ദ്രങ്ങൾക്ക് സഹായങ്ങൾ നൽകുന്ന കാര്യങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുവാൻ മലയാളം മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം? | | |

സെക്ഷൻ ഓഫീസർ